Sectt 37 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

(സംഗ്രഹം)

പൊതുവിദ്യാഭ്യാസം- സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള ശിശുക്ഷേമ സമിതികൾ നടത്തുന്ന ബാലസേവിക ട്രെയിനിംഗ് കോഴ്സ്/ ചൈൽഡ് കെയർ വർക്കേഴ്സ് പ്രോഗ്രാം പ്രീ-പ്രൈമറി ക്ലാസുകളിലെ അദ്ധ്യാപക യോഗ്യതയായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (പി) വകുപ്പ്

സ.ഉ(എം.എസ്)നം. 180/2013/പൊ.വി. തീയതി, തിരുവനന്തപുരം, 01/06/2013

---

പരാമർശം :1. സർക്കാർ ഉത്തരവ് (സാധാ) നം. 465/88/പൊ.വി. തീയതി 5.7.1988
2. സർക്കാർ ഉത്തരവ് (സാധാ) നം. 2453/88/പൊ.വി തീയതി 05.07.1988
3. സർക്കാർ ഉത്തരവ് (എം.എസ്) നം. 72/03/സ.ക്ഷേ.വ. തീയതി 17.12.2003
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.എസ്.1/50835/ 2012/ഡി.പി.ഐ നമ്പർ കത്ത് തീയതി 04/10/2012

**ഉത്തരവ്**

ആവശ്യത്തിന് സ്ഥലസൗകര്യമുള്ള സർക്കാർ വിദ്യാലയങ്ങളോടനുബന്ധിച്ച് പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിച്ച് സ്വന്തം ചെലവിൽ നടത്തികൊണ്ട് പോകുവാൻ പി.ടി.എ കൾക്ക് അനുവാദം നൽകി പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് ഇത്തരം പ്രീ-പ്രൈമറി ക്ളാസുകളുടെ നടത്തിപ്പ് സംബന്ധിച്ച് പരാമർശം രണ്ട് പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഈ ഉത്തരവുകൾ പ്രകാരം പി.ടി..എ കളുടെ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി ക്ലാസുകളിലെ അധ്യാപകരായി നിയമിക്കപ്പെടാനുള്ള യോഗ്യത പത്താം ക്ലാസ് വിജയവും സർക്കാർ അംഗീകൃത പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ (പി.പി.റ്റി.റ്റി.ഐ) നിന്നുള്ള വിജയകരമായ പരിശീലനവുമാണ്. ആയതിനാൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ശിശുക്ഷേമ സമിതികൾ നടത്തുന്ന ഒരു വർഷ ദൈർഘ്യമുള്ള ബാലസേവികാ ട്രെയിനിംഗ് കോഴ്സ് പി.ടി..എ നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി ക്ലാസുകളിലെ അദ്ധ്യാപക യോഗ്യതയായി അംഗീകരിച്ചിരുന്നില്ല. എന്നാൽ ബാലസേവികാ കോഴ്സ് നഴ്സറി ടീച്ചർ തസ്തികയ്ക്കുള്ള യോഗ്യതയായി അംഗീകരിക്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബാലസേവികാ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് പ്രീപ്രൈമറി ടീച്ചറായി നിയമിക്കപ്പെടുന്നതിന് പി.എസ്.സി അംഗീകരിച്ചിട്ടുള്ള യോഗ്യതയാണ്. കൂടാതെ ഈ യോഗ്യത നേടിയവരെ വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടത്തുന്ന പ്രീപ്രൈമറി സ്കൂളുകളിൽ പി. എസ്. സി മുഖേന നിയമിച്ചിട്ടുമുണ്ട്. എന്നാൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് എൻ.സി. ടി ഇ യുടെ നിർദ്ദേശപ്രകാരം 2005 മുതൽ രണ്ട് വർഷം ദൈർഘ്യമുള്ളതാക്കി മാറ്റുകയും അതനുസരിച്ച് പാഠ്യപദ്ധതിയിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുള്ളതിനാൽ ഇനിമുതൽ രണ്ട് വർഷത്തെ കോഴ്സ് മാത്രമേ പ്രീ പ്രൈമറി അദ്ധ്യാപക യോഗ്യതയായി പരിഗണിക്കാൻ കഴിയൂ. പരാമർശം മൂന്നിലെ ഉത്തരവ് പ്രകാരം ബാലസേവികാ ട്രെയിനിംഗ് കോഴ്സ് പുനർനാമകരണം ചെയ്ത് ചൈൽഡ് കെയർ വർക്കേഴ്സ് പ്രോഗ്രാം എന്നാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 2012-13 വരെയുള്ള ഒരു വർഷത്തെ ബാല സേവികാ ട്രെയിനിംഗ് കോഴ്സും/ ചൈൽഡ് കെയർ വർക്കേഴ്സ് പ്രോഗ്രാമും 2013-14 മുതലുള്ള രണ്ട് വർഷത്തെ ചൈൽഡ് കെയർ വർക്കേഴ്സ് പ്രോഗ്രാമും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള . പ്രീപ്രൈമറി ക്ലാസുകളിലെ അദ്ധ്യാപക യോഗ്യതയായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജോർജ്ജ് തോമസ്**
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും } പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും }
ധനകാര്യ വകുപ്പ് ( നം. 32922/എഡ്യൂ.എ2/13/ധന തീയതി 15.5.2013 പ്രകാരം)
സാമൂഹ്യനീതി വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്. 1. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എയ്ക്ക്
3. ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ